# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 11.12.2024**

## പ്രധാനവാർത്തകൾ

1. 2024 ലെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. ഗ്രാമീണമേഖലയുടെ ശാക്തീകരണം രാജ്യത്തെ വികസിതമാക്കുന്നതിൽ നിർണായകമാണെന്ന് രാഷ്ട്രപതി.

2. 21-ാം നൂറ്റാണ്ടിലെ ഇന്ത്യയെക്കുറിച്ച് സവിശേഷമായ കാഴ്ചപ്പാടാണ് യുവജനങ്ങൾക്കുള്ളതെന്ന് സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ ഗ്രാൻഡ് ഫിനാലെയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

3. ഭരണ-പ്രതിപക്ഷ ബഹളത്തിൽ പ്രക്ഷുബ്ധമായി പാർലമെൻറ്. റെയിൽവേ ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി.

4. സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് മുന്നേറ്റം. 16 വാർഡിൽ യുഡിഎഫും, 11 ഇടത്ത് എൽഡിഎഫും, മൂന്നിടത്ത് എൻഡിഎയും വിജയിച്ചു.

5. വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങളുടെ സമാപനച്ചടങ്ങിൽ പങ്കെടുക്കുന്നതിനായി തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ കേരളത്തിലെത്തി.

6. ഇന്ത്യ - ഓസ്ട്രേലിയ വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയ്ക്ക് പരാജയം.

****************************************

## ദേശീയ പഞ്ചായത്ത് പുരസ്കാരം - രാഷ്ട്രപതി - ഇൻട്രോ

ഗ്രാമീണമേഖലയുടെ ശാക്തീകരണം രാജ്യത്തെ വികസിതമാക്കുന്നതിൽ നിർണായകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. രാജ്യത്തെ നല്ലൊരു ശതമാനം ജനതയും വസിക്കുന്നത് ഗ്രാമങ്ങളിലാണെന്നും, വികസനത്തിൻറെ പ്രാധാന്യം ചൂണ്ടിക്കാട്ടി രാഷ്ട്രപതി പറഞ്ഞു. 2024 ലെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ് വോയ്സ്)

വിവിധ വിഭാഗങ്ങളിലായി 45 പുരസ്കാരങ്ങളാണ് വിതരണം ചെയ്തത്. കേരളത്തിൽ നിന്ന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ പഞ്ചായത്തും, കിലയും പുരസ്കാരം ഏറ്റുവാങ്ങി.

RNU TVPM

*************************************

## ഹാക്കത്തോൺ - പ്രധാനമന്ത്രി - ഇൻട്രോ

21-ാം നൂറ്റാണ്ടിലെ ഇന്ത്യയെക്കുറിച്ച് സവിശേഷമായ കാഴ്ചപ്പാടാണ് യുവജനങ്ങൾക്കുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ 2024-ൻ്റെ ഗ്രാൻഡ് ഫിനാലെയിൽ പങ്കെടുക്കുന്നവരുമായി വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കുകയായിരുന്നു അദ്ദേഹം. നൂതനാശയങ്ങൾ മുന്നോട്ട് വയ്ക്കുന്ന യുവജനങ്ങളുമായി സംവദിക്കുന്നത് പുതിയ അറിവുകൾ പകർന്നുനൽകുന്നതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

രാജ്യത്തെ 51 കേന്ദ്രങ്ങളിലായാണ് സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ ഗ്രാൻഡ് ഫിനാലെ നടന്നത്. കേരളത്തിൽ

നിന്നും കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിങ് കോളേജ് ഹാക്കത്തോണിന് വേദിയായി.

***************************************

## ലോക്സഭ റെയിൽവേ (ഭേദഗതി) ബിൽ

റെയിൽവേ (ഭേദഗതി) ബിൽ 2024 ലോക്സഭ പാസാക്കി. റെയിൽവേ ബോർഡിൻറെ പ്രവർത്തന സ്വാതന്ത്ര്യം മെച്ചപ്പെടുത്തുന്നതിനായി 1989-ലെ റെയിൽവേ നിയമം ഭേദഗതി ചെയ്യുന്നതാണ് പ്രസ്തുത ബിൽ. റെയിൽവേ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ 10 വർഷത്തിനിടെ കേന്ദ്രം സ്വീകരിച്ച നടപടികൾ വിശദമാക്കിക്കൊണ്ടാണ് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ചർച്ചകൾക്ക് മറുപടി നൽകിയത്. റെയിൽവേയുടെ സ്വകാര്യവൽക്കരണത്തിന് ബിൽ വഴിവെയ്ക്കുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണെന്നും മന്ത്രി പറഞ്ഞു.

RNU TVPM

***************************************

## ദുരന്ത നിവാരണ ഭേദഗതി ബിൽ

ദുരന്ത നിവാരണ ഭേദഗതി ബിൽ 2024 ലോക്സഭ ഇന്ന് പരിഗണിച്ചു. ദേശിയ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളുടെ കാര്യക്ഷമമായ പ്രവർത്തനം ശക്തിപ്പെടുത്തുകയാണ് ബിൽ ലക്ഷ്യമിടുന്നത്. ദുരന്ത നിവാരണം മെച്ചപ്പെടുത്തുന്നതിന് നിരവധി നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നതായി ബിൽ അവതരിപ്പിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ് പറഞ്ഞു. പ്രതിപക്ഷം ബില്ലിനെ രൂക്ഷമായി എതിർത്ത് രംഗത്തുവന്നു. ദുരന്ത പ്രവചനത്തിനോ, ദുരന്തം

തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കോ ബില്ലിൽ വ്യവസ്ഥയില്ലെന്ന് കോൺഗ്രസ് എംപി ശശി തരൂർ ചൂണ്ടിക്കാട്ടി. ദുരന്ത നിവാരണം കേന്ദ്രീകൃതമാക്കി, സർവ അധികാരങ്ങളും കേന്ദ്ര സർക്കാരിലേക്ക് മാത്രമാക്കി ചുരുക്കാൻ ബിൽ ഇടയാക്കുമെന്നും അദ്ദേഹം പറഞ്ഞു.

************************************

## പാർലമെൻറ്

പ്രതിപക്ഷ ബഹളത്തെ തുടർന്ന് മൂന്ന് തവണ നിർത്തിവച്ച ലോക്സഭ 5 മണിയോടെ ഇന്നത്തേക്ക് പിരിയുകയായിരുന്നു ഭരണ-പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭയിലും നടപടികൾ 12 മണിയോടെ അവസാനിച്ചു.

RNU TVPM

************************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് മുന്നേറ്റം. 16 വാർഡിൽ യുഡിഎഫും, 11 ഇടത്ത് എൽഡിഎഫും, മൂന്നിടത്ത് എൻഡിഎയും ഒരു വാർഡിൽ സ്വതന്ത്ര സ്ഥാനാർത്ഥിയും വിജയിച്ചു. കഴിഞ്ഞ തവണത്തേക്കാളാൾ യു.ഡി.എഫ് മൂന്ന് വാർഡുകൾ അധികമായി നേടിയപ്പോൾ, എൽ.ഡി.എഫിന് മൂന്ന് സീറ്റുകൾ നഷ്ടപ്പെടുകയാണുണ്ടായത്.

************************************

## തന്തൈ പെരിയാർ

തന്തൈ പെരിയാർ സ്മാരകവും പെരിയാർ ഗ്രന്ഥശാലയും തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ നാളെ വൈക്കത്ത് ഉദ്ഘാടനം ചെയ്യും. വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങളുടെ സമാപനച്ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിന് അധ്യക്ഷത വഹിക്കും. ഉദ്ഘാടനവുമായി ബന്ധപ്പെട്ട് വൈക്കം നഗരത്തിലും പരിസരപ്രദേശങ്ങളിലും നാളെ രാവിലെ 9 മണി മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. കൊച്ചി വിമാനത്താവളത്തിൽ ഇന്ന് രാവിലെ എത്തിയ തമിഴ്നാട് മുഖ്യമന്ത്രിക്ക് എറണാകുളം കളക്ടറുടെ നേതൃത്വത്തിൽ ഊഷ്മളമായ വരവേൽപാണ് നൽകിയത്.

*************************************

## ആക്ഷൻ പ്ലാൻ - വീണാ ജോർജ്

RAJUTVPM

സംസ്ഥാനത്ത് പ്രമേഹ ബാധിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കുമെന്ന് മന്ത്രി വീണാ ജോർജ്. പ്രമേഹ രോഗ ചികിത്സയിൽ റോഡ്മാപ്പ് തയ്യാറാക്കാൻ അന്താരാഷ്ട്ര കോൺക്ലേവും സംഘടിപ്പിക്കും. അന്തർദേശീയ തലത്തിൽ പ്രമേഹ രോഗ ചികിത്സയിൽ വന്നിട്ടുള്ള നൂതന സംവിധാനങ്ങളും, ചികിത്സാ വിധികളും ആരോഗ്യ ജീവനക്കാരെ പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടി ജനപങ്കാളിത്തത്തോടെയാണ് കോൺക്ലേവ് നടത്തുക.

*************************************

## ജൈവവൈവിധ്യ പുരസ്കാരം

കേരളത്തിലെ സ്ഥലപരിമിതിയും ഉയർന്ന ജനസാന്ദ്രതയും ഭൂ പ്രദേശത്തിൻറെ പ്രത്യേകതയും പ്രകൃതി ദുരന്തങ്ങളുടെ ആഘാതം വർദ്ധിപ്പിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. 2022ലെ ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരം വിതരണം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും ജൈവവൈവിധ്യ രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ ആരംഭിക്കുകയും ചെയ്ത ആദ്യ സംസ്ഥാനം കേരളമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

***********************************

## ഐ.എഫ്.എഫ്.കെ

29- മത് കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് മറ്റന്നാൾ തിരുവനന്തപുരത്ത് തിരിതെളിയും. ഈ മാസം 20 വരെ നീളുന്ന മേളയിൽ 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകൾ പ്രദർശിപ്പിക്കും. മേളയോടനുബന്ധിച്ച് സാഹിത്യകാരന്മാരായ തോപ്പിൽ ഭാസി, പി. ഭാസ്കരൻ, പാറപ്പുറത്ത് എന്നിവരോടുള്ള ആദരസൂചകമായി ലിറ്ററി ട്രിബ്യൂട്ടും സംഘടിപ്പിക്കും..

RNUTVPM

***********************************

## ഗുരുവായൂർ ഏകാദശി

ഗുരുവായൂരിലെ ആണ്ട് വിശേഷങ്ങളിൽ ഏറെ പ്രാധാന്യമുള്ള ഗുരുവായൂർ ഏകാദശി ഇന്ന്. ക്ഷേത്രത്തിൽ വലിയ തോതിലുള്ള ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

***********************************

## പെരുങ്കളിയാട്ട മഹോത്സവം - ഇൻട്രോ

കണ്ണൂർ ചെറുതാഴം കോക്കാട് ശ്രീ മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിലെ പെരുങ്കളിയാട്ട മഹോത്സവത്തിന് തുടക്കമായി. ശനിയാഴ്ച വരെ നടക്കുന്ന പെരുങ്കളിയാട്ടം കൂട്ടായ്മയുടെ ഉത്സവമായി മാറുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയ്സ്)

************************************

## വനിതാ ഏകദിന ക്രിക്കറ്റ്

ഇന്ത്യ - ഓസ്ട്രേലിയ വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യയ്ക്ക് പരാജയം. 83 റൺസിനാണ് ഓസ്ട്രേലിയ വിജയിച്ചത്. 299 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന ഇന്ത്യയ്ക്ക് 45.1 ഓവറിൽ 215 റൺസ് മാത്രമാണ് നേടാനായത്. ഇതോടെ എല്ലാ മത്സരങ്ങളും ജയിച്ച ഓസ്ട്രേലിയ പരമ്പര സ്വന്തമാക്കി.

RNUTVPM

************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ എഫ്സി ഹൈദരാബാദിനെ നേരിടും. ചെന്നൈയിൽ രാത്രി 7.30 നാണ് മത്സരം.

************************************

## കാട്ടാന ആക്രമണം

തൃശൂർ വെള്ളിക്കുളങ്ങര ശാസ്താംപൂവം ആദിവാസി നഗറിൽ ആനയുടെ ആക്രമണത്തിൽ വയോധിക മരിച്ചു. കാടർ വീട്ടിൽ മീനാക്ഷി ആണ് മരിച്ചത്.

***********************************

## കെ എസ് യു- എസ് എഫ് ഐ സംഘർഷം

കണ്ണൂർ തോട്ടട ഗവ.ഐടിഐയിൽ കെ എസ് യു- എസ് എഫ് ഐ സംഘർഷത്തിൽ പത്തിലേറെ വിദ്യാർഥികൾക്ക് പരിക്ക്. കെഎസ്‌യു പ്രവർത്തകർ ക്യാമ്പസിനുള്ളിൽ കെട്ടിയ കൊടി എസ്‌എഫ്ഐ പ്രവർത്തകർ നീക്കിയതോടെയാണ് പ്രശ്നങ്ങൾ ഉടലെടുത്തത്. സംഘർഷം കനത്തതോടെ പ്രവർത്തകർക്ക് നേരെ പൊലീസ് ലാത്തി വീശി. സംഘർഷത്തിലും, ലാത്തി ചാർജിലും പ്രതിഷേധിച്ച് KSU നാളെ സംസ്ഥാനവ്യാപകമായി പ്രതിഷേധ ദിനം ആചരിക്കും. കണ്ണൂർ ജില്ലയിൽ പഠിപ്പുമുടക്ക് സമരം നടത്തുമെന്നും കെഎസ് യു ഭാരവാഹികൾ അറിയിച്ചു.

RNI/TVPM

*****************************************************

***********************************

**********************